**പതിനാലാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2660 06.02.2018 ന് മറുപടിയ്ക്ക്

**മൂന്നാറിലെ നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) മൂന്നാറിലെ നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ നിലവിലെ അതിർത്തി എത്രയാണെന്നും പുനർ നിർണയി-ക്കുമ്പോൾ വരുന്ന അതിർത്തി എത്രയാണെന്നും സ്ഥലത്തിന്റെ ചുറ്റളവ് ഉൾപ്പെടെ വ്യക്തമാക്കുമോ; | (എ) നീലക്കുറിഞ്ഞി സങ്കേതത്തിന്റെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 2006 ഒക്ടോബർ 6-ാം തീയതി പുറപ്പെടുവിച്ചിട്ടുള്ള പ്രാഥമിക വിജ്ഞാപനത്തിൽ ഏകദേശം 3200 ഹെക്ടർ ഭൂമിയാണ് കുറിഞ്ഞിമല വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചിട്ടുള്ളത്. അതിർത്തി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ ആയിട്ടില്ല. |
| (ബി) നീലക്കുറിഞ്ഞി ഉദ്യാനത്തിനെ വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;; | (ബി) നീലക്കുറിഞ്ഞി സങ്കേതത്തിനെ വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നതിനുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. പ്രാഥമിക വിജ്ഞാപനം 2006 ഒക്ടോബർ 6-ാം തീയതി പുറപ്പെടുവിച്ചു. |
| (സി) അതിർത്തി നിർണ്ണയത്തിന് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടി-ല്ലാത്തതിനാൽ അതിർത്തി നിർണ്ണയത്തിന് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ